26767
15/12/17

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - വെട്ടം ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. ശശികുമാർ കെ. സമർപ്പിച്ച അപ്പീൽ അപേക്ഷ തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

==================================================================

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.3894/2017/തസ്വഭവ                    തീയതി, തിരുവനന്തപുരം, 04.12.2017

==================================================================

പരാമർശം: 1. പഞ്ചായത്ത് ഡയറക്ടറുടെ 29.04.2016-ലെ ഡി4-26064/14 നമ്പർ നടപടിക്രമം
2. ശ്രീ. ശശികുമാർ കെ. സമർപ്പിച്ച 16.06.2016-ലെ അപ്പീൽ അപേക്ഷ
3. പഞ്ചായത്ത് ഡയറക്ടറുടെ 17.01.2017-ലെ ഡി4-26064/14 നമ്പർ കത്ത്

**ഉത്തരവ്**

മലപ്പുറം ജില്ലയിലെ വെട്ടം ഗ്രാമപഞ്ചായത്തിൽ തീരദേശ പരിപാലനിയമങ്ങളും കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളും ലംഘിച്ച് വാണിജ്യാവശ്യത്തിന് കെട്ടിട നിർമ്മാണത്തിന് അനുമതി നൽകിയത് സംബന്ധിച്ച് ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) സമർപ്പിച്ച അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കെട്ടിട നിർമ്മാണത്തിന് അനുമതി നൽകിയ പഞ്ചായത്ത് സെക്രട്ടറി ശ്രീ. ശശികുമാറിനെതിരെ അച്ചടക്ക നടപടി സ്വീകരിക്കുകയും ടിയാന്റെ രണ്ട് വാർഷിക ശമ്പള വർദ്ധനവ് സഞ്ചിതഫലത്തോടെ തടഞ്ഞുകൊണ്ട് പഞ്ചായത്ത് ഡയറക്ടർ പരാമർശം (1) പ്രകാരം തീർപ്പാക്കുകയും ചെയ്തു. ടി ഉത്തരവിനെതിരെ ശ്രീ. ശശികുമാർ പരാമർശം (2) പ്രകാരം അപ്പീൽ അപേക്ഷ സമർപ്പിക്കുകയുണ്ടായി. ടിയാൻ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ തന്നെ നേരിൽ കേൾക്കണമെന്ന് അഭ്യർത്ഥിച്ചതിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി ടിയാനെ നേരിൽ കേട്ടു

കെട്ടിട നിർമ്മാണത്തിനുള്ള അനുമതികൾ ലഭിച്ചതിനുശേഷം ബന്ധപ്പെട്ട കക്ഷികൾ നിർമ്മാണ പ്രവർത്തനങ്ങൾ വിപുലീകരിച്ച് മറ്റാവശ്യങ്ങൾക്കായി വിനിയോഗിക്കുകയാണു-ണ്ടായതെന്നും സാങ്കേതിക വിഭാഗം ജീവനക്കാർ ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് നിർമ്മാണത്തിന് അനുമതി നൽകിയതെന്നും ടൗൺ പ്ലാനിംഗ് വകുപ്പിന്റെ കൂടി അനുമതി ലഭിച്ചതിനുശേഷം മാത്രമാണ് പെർമിറ്റ് അനുവദിച്ചതെന്നും ചട്ടലംഘനമുണ്ടെന്ന് വിജിലൻസ് വിഭാഗം അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ അനുമതിയില്ലാതെ തുടങ്ങിയ വർക് ഷോപ്പിന്റെ പ്രവർത്തനം നിർത്തുന്നതിനും കെട്ടിടം പൊളിച്ചുനീക്കുന്നതിനും ഉടൻ തന്നെ മെമ്മോ നല്കിയിട്ടുള്ളതാണെന്നും നേരിൽ കേട്ട വേളയിൽ ടിയാൻ ബോധിപ്പിക്കുകയുണ്ടായി. കൂടാതെ അനധികൃത നിർമ്മാണം ക്രമവൽകരിക്കണമെന്ന ഉടമസ്ഥന്റെ അപേക്ഷ ലഭിച്ചതിനു ശേഷം ഇക്കാര്യം വിശദമായി

പരിശോധിക്കുകയും ബന്ധപ്പെട്ടവർ സ്ഥലപരിശോധന നടത്തുകയും ലേ ഔട്ട് അംഗീകരിക്കുന്നതിനായി ടൗൺ പ്ലാനറുടെ നിർദേശങ്ങൾ പരിഗണിക്കുകയും സർക്കാർ തലത്തിൽ ക്ലാരിഫിക്കേഷൻ ആവശ്യപ്പെട്ടതിന്റെ മറുപടി ലഭിക്കാത്തതിനാൽ നിയമോപദേശം ലഭ്യമാക്കി നിർമ്മാണം ക്രമീകരിച്ച് ഉത്തരവ് നൽകുകയാണുണ്ടായതെന്നും, നിലം നികത്തിയ സ്ഥലമാണെങ്കിലും ഈ പ്ലോട്ടിൽ 20 വർഷം പഴക്കമുള്ള തെങ്ങും വൃക്ഷങ്ങളും ക്വാർട്ടേഴ്സ് ഉൾപ്പെടെയുള്ള കെട്ടിടങ്ങളും ഉണ്ടായിരുന്നുവെന്നും ടിയാൻ അറിയിച്ചു. നെൽവയൽ-തണ്ണീർത്തട നിയമം വരുന്നതിനു മുമ്പ് തരം മാറ്റിയ ഭൂമിയിൽ നിർമ്മാണാനുമതി നല്കാവുന്നതാണെന്ന നിയമോപദേശമാണ് തനിക്കു ലഭിച്ചതെന്നും, ആയതിനാൽ കുറ്റമൊന്നും ചെയ്തിട്ടില്ലെന്നും തനിക്ക് കടുത്ത ശിക്ഷയാണ് നൽകിയിരിക്കുന്നതെന്നും താൻ ശാരീരിക വൈഷമ്യമുള്ളയാളാണെന്നും ടി ശിക്ഷയിൽ നിന്നും ഒഴിവാക്കണമെന്നും, കൂടാതെ 07/2017 -ൽ സേവനത്തിൽ നിന്നും വിരമിച്ചുവെന്നും ടിയാൻ നേരിൽ കേട്ട വേളയിൽ ബോധിപ്പിക്കുകയുണ്ടായി.

ഇതു സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടർ പരാമർശം (3) പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിൽ നിർമ്മാണത്തിന് അനുമതി നൽകിയത് ക്രമവത്കരിക്കുന്നതിനുള്ള അപേക്ഷയിന്മേൽ ലേ-ഔട്ട് അംഗീകരിക്കുന്നതിന് ടൗൺ പ്ലാനിംഗ് വകുപ്പിന്റെ അനുമതിക്കായി നൽകിയിരുന്നതായി കാണുന്നുവെന്നും അവരുടെ അനുമതി പത്രത്തിൽ വിവിധങ്ങളായ നിബന്ധനകൾ കൂടെ ഉൾപ്പെട്ടിരുന്നുവെന്നും അതിനു വിധേയമായി മാത്രമേ പെർമിറ്റ് നൽകുവാൻ പാടുള്ളൂവെന്നും എന്നാൽ ഈ നിബന്ധനകളെല്ലാം പാലിക്കപ്പെട്ടിട്ടില്ലെന്നും ചട്ടം നിഷ്കർഷിക്കുന്ന വളരെ പ്രാധാന്യമുള്ളതും ടൗൺ പ്ലാനർ നിർദേശിച്ചവ പാലിക്കാതെയുമാണ് വാണിജ്യാവശ്യത്തിനായി ഉപയോഗിച്ചുവന്ന അനധികൃത നിർമ്മാണം ക്രമവത്കരിച്ചു നൽകിയിരിക്കുന്നത് എന്ന് പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിലം നികത്തിയ പുരയിടത്തിൽ നിർമ്മാണാനുമതി നൽകുന്നതിനുള്ള ചട്ടഭേദഗതി മറ്റു വീടുകൾ, മറ്റു വസ്തുവകകളൊന്നുമില്ലാത്തവർക്ക് താമസ ആവശ്യത്തിന് വീട് വയ്ക്കുന്നതിന് മാത്രമാണെന്നും ഈ നിബന്ധനകൾ ഒന്നും പാലിക്കാതെയാണ് നിലം നികത്തിയ പുരയിടത്തിൽ വാണിജ്യാവശ്യത്തിന് കെട്ടിട നിർമ്മാണത്തിന് ക്രമവത്കരണം നടത്തിയിരിക്കുന്നതെന്നും ഇത് തികച്ചും ചട്ട ലംഘനമാണെന്നാണ് കാണുന്നുവെന്നും ഈ വിഷയത്തിൽ സ്പഷ്ടീകരണത്തിനായി ടിയാൻ സർക്കാരിന് കത്ത് നൽകിയിരുന്നുവെന്നും സർക്കാരിൽ നിന്നും മറുപടി ലഭിക്കുന്നതിനു മുമ്പേ ഗവൺമെന്റ് പ്ലീഡറുടെ നിയമോപദേശം നേരിട്ട് വാങ്ങി അതിന്റെ അടിസ്ഥാനത്തിൽ ക്രമവത്കരിച്ചു നൽകിയതായാണ് കാണുന്നതെന്നും നിലവിലുള്ള ചട്ടങ്ങൾക്കു വിരുദ്ധമായാണ് അനുമതി നൽകിയിട്ടുള്ളതെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഗുരുതരമായ ചട്ടലംഘനമാണ് സെക്രട്ടറിയുടെ ഭാഗത്തുനിന്നുണ്ടായിരിക്കുന്നതെന്നു കാണുന്നു. ടൗൺ പ്ലാനിംഗ് വകുപ്പ് നിർദേശിച്ച പ്രകാരമുള്ളവ രേഖകൾ സഹിതം പരിശോധിച്ചു തുടർ നടപടി സ്വീകരിക്കുന്നതിനു പകരം അതിനെ അവഗണിച്ചുകൊണ്ടാണ് ക്രമവത്കരണം നടത്തിയിരിക്കുന്നത്. അതിനാൽത്തന്നെ പഞ്ചായത്ത് ഡയറക്ടറുടെ തീരുമാനത്തിന് പുനഃപരിശോധന ആവശ്യമായിട്ടുള്ളതായി കാണുന്നില്ല. സർക്കാരിലേക്ക് കത്ത് നൽകുകയും നിയമോപദേശം തേടുകയും ചെയ്തിട്ടുള്ളത് സെക്രട്ടറി തന്നെയാണ്. കുറ്റങ്ങൾക്ക് ശിക്ഷ നൽകുന്നത് കുറ്റത്തിന്റെ കാഠിന്യമനുസരിച്ചും ഇനിയും ആ കുറ്റം ആവർത്തിക്കാതിരിക്കാനും കൂടിയാണ്. എന്നാൽ ടിയാൻ ടിയാൻ സേവനത്തിൽ നിന്നും വിരമിച്ചിരിക്കുന്ന സാഹചര്യത്തിൽ രണ്ടു വാർഷിക ശമ്പള വർദ്ധനവ് സഞ്ചിതഫലത്തോടെ തടയുക എന്ന പഞ്ചായത്ത്

ഡയറക്ടറുടെ ഉത്തരവ് ഇളവു വരുത്തി ടിയാന്റെ ഒരു വാർഷിക ശമ്പള വർദ്ധനവ് സഞ്ചിതഫലത്തോടെ തടഞ്ഞുകൊണ്ട് എന്നാക്കി വെട്ടം ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. ശശികുമാർ കെ. സമർപ്പിച്ച അപ്പീൽ അപേക്ഷ തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**പാറ്റ്സി സ്റ്റീഫൻ**

ഡെപ്യൂട്ടി സെക്രട്ടറി

1. ശ്രീ. ശശികുമാർ കെ. (മുൻ സെക്രട്ടറി, വെട്ടം ഗ്രാമപഞ്ചായത്ത്) പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർ, പെർഫോമൻസ് ഓഡിറ്റ് യൂണിറ്റ്-6, തലക്കാട്, മലപ്പുറം *(പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)*
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
4. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം
5. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
6. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/169/2016/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ